കുറിപ്പുകൾ ●
ഫൈസൽ കൊച്ചി



# ഭൂസമരങ്ങൾ ശക്തിപ്പെടുന്നു

**സിംഗൂർ,** നന്ദിഗ്രാം, ചെങ്ങറ, മൂലമ്പിള്ളി.... ഈ പ്രദേശങ്ങൾ ഇന്ന് പ്രസിദ്ധിയാർജിച്ചു കഴിഞ്ഞു. കിടന്നുറങ്ങുന്നതിന് ഒരു തുണ്ട് ഭൂമി ലഭിക്കാനും സ്വന്തമായുള്ള ഭൂമി നിലനിറുത്താനും ദരിദ്രരും ദലിതുകളും നടത്തുന്ന സമരങ്ങളാണ് ഈ പ്രദേശങ്ങളെ ലോകത്തിന്റെ തന്നെ ശ്രദ്ധയിൽ കൊണ്ടുവന്നത്. കർഷകരും കൃഷിഭൂമിയും തമ്മിലുള്ള ഹൃദയബന്ധത്തെ ചൂഷണം ചെയ്ത് അധികാരത്തിലെത്തിയ തൊഴിലാളി വർഗ പാർട്ടികളോടാണ് പാവങ്ങൾ സമരം ചെയ്യേണ്ടിവരുന്നത് എന്ന വൈരുധ്യമുണ്ട് ഈ പ്രശ്നത്തിൽ. സംഘടിത ഇടതുപക്ഷവും പോലീസും ചേർന്ന് ഇത്തരം സമരങ്ങളെ ചോരയിൽ മുക്കിക്കൊല്ലാൻ ശ്രമിച്ചതിനും നാം സാക്ഷികളാവുകയുണ്ടായി. കർഷകരിൽനിന്നും ഭൂമി പിടിച്ചെടുത്ത് കോർപറേറ്റുകൾക്ക് കൈമാറുന്ന മധ്യവർത്തികളായി ജനാധിപത്യസർക്കാറുകൾ അധഃപതിക്കുന്നത് ജനങ്ങൾ ആശങ്കയോടെയാണ് കാണുന്നത്. 1894-ൽ വെള്ളക്കാരുടെ ഭരണകൂടം അവരുടെ താൽപര്യങ്ങൾക്കായി ചുട്ടെടുത്ത ഭൂമി ഏറ്റെടുക്കൽനിയമം കഴിഞ്ഞ 114 വർഷമായി വള്ളിപുള്ളി വിടാതെ നാം കാത്തുപോരുന്നത് ബ്രിട്ടീഷുകാരെ പോലും അൽഭുതപ്പെടുത്തുന്നുണ്ടാവണം. പ്രത്യേകസാമ്പത്തികമേഖലയുടെ മറവിൽ വ്യാവസായികാവശ്യത്തിന് വൻതോതിൽ കൃഷിഭൂമികൾ ഏറ്റെടുക്കുന്ന പ്രവണത ഭക്ഷ്യപ്രതിസന്ധിയുടെയും പണപ്പെരുപ്പത്തിന്റെയും ദുരന്തങ്ങൾ നേരിടുന്ന ഈ പ്രത്യേകസന്ദർഭത്തിലും ചർച്ചാവിധേയമാകാത്തത് ഖേദകരമാണ്.

2005 ജൂണിൽ പ്രത്യേകസാമ്പത്തികമേഖലക്ക് അംഗീകാരം നൽകുന്ന നിയമം പാർലമെന്റ് പാസാക്കുകയും 2006 ഫെബ്രുവരിയിൽ നടപ്പിൽവരുകയും ചെയ്തതിനു ശേഷം യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടികളാണ് സ്വകാര്യകുത്തകകളും ഭൂദല്ലാൾമാരും ചേർന്ന് ആവിഷ്കരിച്ചത്. രാജ്യത്തെ കണ്ണായ ഭൂമികൾ സ്വകാര്യവ്യക്തികളും കമ്പനികളും നിയമങ്ങൾ ബാധകമല്ലാത്ത ഭൂപ്രദേശമായി കൈവശപ്പെടുത്തുകയാണ്. ഇൻകം ടാക്സ്, കസ്റ്റംസ് തീരുവ, വാണിജ്യനികുതി മറ്റ് സേവനനികുതികൾ ഇവയൊന്നും പ്രത്യേകസാമ്പത്തികമേഖലകൾക്ക് ബാധകമല്ല. സർക്കാരിനാകട്ടെ ഇതുകൊണ്ട് ഒരു ഗുണവുമില്ല; വലിയ വരുമാനനഷ്ടം ഉണ്ടാവുന്നുമുണ്ട്. കേന്ദ്രധനകാര്യമന്ത്രി ചിദംബരത്തെ ചൊടിപ്പിച്ചത് ഈ തിരിച്ചറിവാണ്. യാതൊരു തത്ത്വദീക്ഷയുമില്ലാതെ സാമ്പത്തികമേഖലകൾ അനുവദിക്കുന്നത് നിറുത്തിവെക്കണമെന്ന് അദ്ദേഹം ആവശ്യപ്പെടുകയുണ്ടായി. ഇപ്പോഴത്തെ കണക്കുകൾപ്രകാരം കേന്ദ്രഖജനാവിന് ഈയിനത്തിൽ ഒരുലക്ഷത്തിയറുപതിനായിരം കോടി രൂപയുടെ നഷ്ടമാണ് 2010 വരെ ധനമന്ത്രി കണക്കാക്കിയിരിക്കുന്നത്. നവലിബറൽ നയങ്ങളുടെ അമരക്കാരൻ തന്നെയായ ചിദംബരത്തിന് ഭൂമിപിടിച്ചെടുക്കലുകളെ വിമർശിക്കേണ്ടിവരുന്നത് ഒരു വലിയ മുന്നറിയിപ്പാണ്.

2007 ജനുവരിയിൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനപ്രകാരം ഇന്ത്യയിൽ 237 സെസുകൾക്ക് വേണ്ടത് 34509 ഹെക്ടർ ഭൂമിയാണ്. ഇവയിൽ മഹാഭൂരിപക്ഷവും കൃഷിഭൂമിയാണ്. ഗാസിയാബാദിൽ മൂന്നും നാലും വിളയുള്ള 1011 ഹെക്ടർ കൃഷിഭൂമിയാണ് റിലയൻസ് എനർജി ജനറേഷൻ ലിമിറ്റഡിന് വേണ്ടി ഏറ്റെടുക്കുന്നത്. 6000 കർഷകകുടുംബങ്ങളെയാണ് കുടിയൊഴിപ്പിച്ചത്. ദൽഹി-ജയ്പ്പൂർ ഹൈവേക്ക് വേണ്ടി 25000 ഏക്കർ കൃഷിഭൂമി ഏറ്റെടുത്തുകഴിഞ്ഞു. മഹാരാഷ്ട്രയിലെ റെയാഗാഡ് ജില്ലയിൽ പതിനായിരം ഹെക്ടർ കൃഷിഭൂമി സ്വകാര്യകമ്പനിക്ക് വേണ്ടി സർക്കാർ സ്വന്തമാക്കിയിട്ടുണ്ട്. ഒറീസയിലെ കലീം നഗറിൽ നാലായിരം ഏക്കറും വിശാഖപട്ടണത്ത് 2109 ഏക്കറും കർഷകരിൽ നിന്ന് സ്വതന്ത്രമാക്കാനുള്ള ശ്രമത്തിലാണ് സംസ്ഥാനസർക്കാറുകൾ. പ്രതിവർഷം ഒരു ദശലക്ഷം ടൺ ധാന്യം ഉൽപാദിപ്പിക്കാൻ ശേഷിയുള്ള ഇരുവിളഭൂമികളാണ് ഇവയിലധികവും. 114000 കർഷകസംരംഭങ്ങളും 82000 കർഷകകുടുംബങ്ങളും പ്രത്യേക സാമ്പത്തിക മേഖലകൾ മൂലം പെരുവഴിയിലാകും. കൃഷിയെ ആശ്രയിച്ച് ജീവിക്കുന്ന പത്തുലക്ഷം ജനങ്ങൾ കുടിയിറക്കപ്പെടും. പ്രതിവർഷം 212 കോടി രൂപയുടെ നഷ്ടം ഇതുവഴി സംഭവിക്കും. സാമൂഹികവും സാമ്പത്തികവുമായ ഇത്രയും നഷ്ടങ്ങൾ സഹിക്കുന്നതിനേക്കാൾ വ്യാവസായികാവശ്യങ്ങൾക്ക് തരിശുഭൂമി ഏറ്റെടുത്താൽ പോരേ എന്ന കർഷകരുടെ ചോദ്യങ്ങൾ ഭരണാധികാരികളുടേയും ഉദ്യോഗസ്ഥരുടേയും ബധിരകർണങ്ങളിലാണ് പതിക്കുന്നത്. രാജ്യത്തിന്റെയും ജനങ്ങളുടെയും താൽപര്യങ്ങളെ മറികടക്കുവാനുതകുംവിധമുള്ള കമീഷനുകളിലാണ് നമ്മുടെ ഭരണനേതൃത്വത്തിന്റെ കണ്ണ്. ഇത് തിരിച്ചറിഞ്ഞ് ജനങ്ങൾ പോരാട്ടത്തിന്റെ വഴി സ്വീകരിക്കുവാൻ നിർബന്ധിതരാവുകയാണ്.

1894-ലെ ഭൂമി ഏറ്റെടുക്കൽ നിയമം ഇന്ന് സ്വന്തംപേരിൽ ഒരു തുണ്ട് ഭൂമിയുള്ള പാവങ്ങളുടെ പേടിസ്വപ്നമായിരിക്കുകയാണ്. വെള്ളക്കാരൻ നിയമം നിർമിച്ചതിനു ശേഷം ചില മിനുക്ക് പണികളല്ലാതെ കാര്യമായ പരിഷ്കരണങ്ങൾ ഇതിൽ ഉണ്ടായിട്ടില്ല. ഭൂമി മുഴുവൻ അടിസ്ഥാനപരമായി സർക്കാരിന്റേതാണ് എന്ന സങ്കൽപ്പമാണ് നിയമത്തിന്റെ കാതൽ. ആയതിനാൽ പൊതു ആവശ്യത്തിന് ഭൂമി വേണ്ടിവന്നാൽ ജനങ്ങൾ വിട്ടുകൊടുക്കണമെന്നതാണ് നിയമത്തിന് പിന്നിലെ യുക്തി. ഭൂമി വിട്ടുകൊടുക്കുക എന്ന ത്യാഗത്തിന് കൂലിയായി സർക്കാർ ഭൂമിയുടെ ഉടമസ്ഥന് 'പൊന്നും വില' നൽകുന്നു. അത് ലഭിക്കാൻ ഒരു ഭഗീരഥ പ്രയത്നം തന്നെ ആവശ്യമാണ്. നടപടികൾ ചുവപ്പുനാടയിൽ വിശ്രമിക്കുകയും കോടതിവരാന്തയിൽ മുട്ടിലിഴയുകയും ചെയ്യും. പലപ്പോഴും ഭൂമിയുടെ ഉടമസ്ഥരുടെ അനന്തരാവകാശികൾക്കാണ് തുഛമായ തുക കൈപ്പറ്റാനുള്ള ഭാഗ്യമുണ്ടാവുക. അത്രമാത്രം ക്രൂരമായാണ് സർക്കാർ കുടിയിറക്കപ്പെടുന്നവരോട് പെരുമാറുന്നത്. 1950-ൽ കുടിയിറക്കപ്പെട്ടവർ പോലും ഇന്നും നഷ്ടപരിഹാരത്തിനായി സർക്കാർ ഓഫീസുകൾ കയറിയിറങ്ങുന്ന ദുരവസ്ഥയാണ് നമ്മുടെ നാട്ടിലുള്ളത്.

ഭൂമി ഏറ്റെടുക്കൽ നിയമത്തിൽ പ്രതിപാദിച്ചിട്ടുള്ള 'പൊതു ആവശ്യം' എന്നതിന് പുതിയസാഹചര്യത്തിൽ കുടുതൽ വിശദീകരണം ആവശ്യമാണ്. സ്വകാര്യ ഭൂമിദല്ലാൾമാരുടെ താൽപര്യത്തിനു വേണ്ടി രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥന്മാരും ഭൂമാഫിയയുമായി ചേർന്നുനടത്തുന്ന കള്ളക്കളികൾ ഇന്നാർക്കും അവ്യക്തമല്ല. അതിനാൽ സ്വകാര്യവ്യക്തികൾക്കോ കമ്പനികൾക്കോ ഭൂമി ലഭ്യമാക്കുന്ന പദ്ധതികൾക്ക് ഈ നിയമം ബാധകമാക്കാൻ പാടില്ലാത്തതാണ്. സ്വകാര്യ സംരംഭങ്ങളുടെ ഇരകളാകുന്നത് നിർധനരാണെന്നതു കൊണ്ട് തൃപ്തികരമായ നഷ്ടപരിഹാരവും കൂടുതൽ മെച്ചപ്പെട്ട പുനരധിവാസവും ഉറപ്പുവരുത്തുന്ന പുതിയ നിയമം ഉണ്ടാവേണ്ടതുണ്ട്.ഭൂമി ഏറ്റെടുക്കൽ നിയമം നടപ്പിലാക്കുന്ന ഉദ്യോഗസ്ഥന്മാർ പാവങ്ങളുടെ ഭൂമി മാത്രമേ കണ്ണിൽ കാണൂ എന്നൊരു പ്രശ്നം കൂടിയുണ്ട്. പദ്ധതികളുടെ അലൈൻമെന്റ് തീരുമാനിക്കുന്ന സന്ദർഭത്തിൽ പണക്കാരുടെ ഭൂമി ഒഴിവാകുന്ന തരത്തിലുള്ള അണിയറനീക്കങ്ങൾ സാധാരണമാണ്. വല്ലാർപാടം റെയിൽ പദ്ധതി ഇതിന് വ്യക്തമായ ഉദാഹരണമാണ്. ഒരു റെയിൽ പാത അവിടെയുണ്ടായിരിക്കെയാണ് ഇപ്പോൾ മറ്റൊരു റെയിൽപാതക്ക് ഭൂമി അക്വയർ ചെയ്യുന്നത്. ഇത് ടാറ്റയുടെ ഭൂമി സംരക്ഷിക്കാൻ വേണ്ടി മാത്രമാണെന്ന ആരോപണത്തിന് ഉദ്യോഗസ്ഥരോ സർക്കാർ പ്രതിനിധികളോ മറുപടി പറഞ്ഞിട്ടില്ല.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും കേരളത്തിലും ഇന്ന് ഭൂസമരങ്ങൾ ശക്തിപ്രാപിച്ചുകൊണ്ടിരിക്കുകയാണ്. ചെങ്ങറയിൽ ദലിതുകളും ആറളത്തും മുത്തങ്ങയിലും ആദിവാസികളും നടത്തുന്ന സമരങ്ങൾ ഇതിനുദാഹരണങ്ങളാണ്. അതിർത്തിവനങ്ങളിലും തോട്ടം മേഖലകളിലും മാത്രമല്ല നഗരങ്ങളിലെ പാവങ്ങളും ചേരിനിവാസികളും ഭൂനയത്തിലുള്ള സർക്കാരിന്റെ ധാർഷ്ട്യത്തിനെതിരെ പോരാടാനുള്ള പുറപ്പാടിലാണ്. മൂലമ്പിള്ളി സമരത്തിന് ലഭിച്ച ജനപിന്തുണയും സ്വാധീനവും സർക്കാറിന്റെ കണ്ണ് തുറപ്പിക്കേണ്ടതാണ്. ഭൂമിയും പാർപ്പിടവും അനുവദിക്കുകയെന്ന മുദ്രാവാക്യമുയർത്തി മട്ടാഞ്ചേരിയിൽ അടുത്തകാലത്ത് നടന്ന സമരങ്ങളും ശ്രദ്ധേയമാണ്. കേരളത്തിലെ പല നഗരങ്ങളും ഈ പ്രശ്നത്തിൽ പുകഞ്ഞുകൊണ്ടിരിക്കുകയാണ്. സമരങ്ങൾ സർക്കാറിന്റെ കടുംപിടുത്തം കൊണ്ട് അക്രമസ്വഭാവത്തിലേക്ക് വഴിതെറ്റുന്ന സാഹചര്യവും നിലനിൽക്കുന്നു. നന്ദിഗ്രാമിലും സിംഗൂരിലും സർക്കാറിന്റെ ബലപ്രയോഗങ്ങൾ ഭൂസമരങ്ങളെ ചോരക്കളമാക്കി മാറ്റി. ഈ അനുഭവം പക്ഷേ സമാനമായ മറ്റു ഭൂയുദ്ധങ്ങൾക്കും വഴിയൊരുക്കുകയാണ്. സ്വാതന്ത്ര്യം പൊരുതി നേടി അറുപത് വർഷങ്ങൾക്കു ശേഷം സ്വന്തം ഭരണാധികാരികളോട് പിറന്ന മണ്ണിന് വേണ്ടി യാചിക്കേണ്ട ഗതികേടിലാണ് ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യത്തിലെ പൗരന്മാർ. ■